**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **30-01-2024 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര സ്വർണ്ണ ഇടപാടുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബിസിനസ് ആവശ്യങ്ങൾക്കുള്ള ആഭ്യന്തര സ്വർണ്ണ ഇടപാടുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ എടുക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 50 -ാം മത് ജി എസ് ടി കൗൺസിലിന്റെ റെക്കമെന്റേഷൻ അനുസരിച്ച് എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കു നീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നതിനു തീരുമാനിക്കുകയും തുടർന്ന് ചട്ടം 138 F ഉൾപ്പെടുത്തിക്കൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം.38/2023 – സെൻട്രൽ ടാക്സ് പ്രകാരം സി.ജി.എസ്.ടി റൂളിലും 30.09.2023 ലെ എസ്.ആർ.ഓ. 1062/2023 പ്രകാരം എസ്.ജി.എസ്.ടി റൂളിലും കൊണ്ടുവന്നിട്ടുണ്ട്. ഇതുപ്രകാരം എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ അല്ലെങ്കിൽ രണ്ടു ലക്ഷത്തിനു ലക്ഷത്തിനു മുകളിൽ അതാതു സംസ്ഥാനങ്ങളിലെ സെൻട്രലിന്റെയും സ്റ്റേറ്റിന്റെയും നികുതി ഡിപ്പാർട്ട്മെന്റ് അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ അതിനു മുകളിൽ മൂല്യം വരുന്ന ഇടാപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി എസ് ടി ചട്ടം 138 എഫ് പ്രകാരം ഈ-വേ ബിൽ ബാധകമാകുന്ന രണ്ട് ലക്ഷത്തിനു മുകളിലുള്ള കുറഞ്ഞ പരിധി എത്രയെന്നത് തീരുമാനിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.ആയതു വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് സംസ്ഥാനത്ത് ടി കാര്യത്തിൽ ഇ വേ ബിൽ ബാധകമാകുന്നതാണ്. |
| (ബി) | എങ്കിൽ ആയതിന്റെ പരിധി എത്രയാണ് എന്നും സ്വർണ്ണത്തിന് ഇ-വേ ബിൽ വേണമെന്ന ആവശ്യം സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നോ എന്നും വ്യക്തമാക്കാമോ; | (ബി) | നികുതി വെട്ടിപ്പ് സാധ്യത മുൻനിർത്തി സ്വർണത്തിന്റെ ചരക്കു നീക്കത്തിന് ഇ വേ ബിൽ ബാധകമാക്കണമെന്നു കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി എസ് ടി കൗൺസിലിൽ |

| | | | |
|---|---|---|---|
| | | | ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ , 50 ആം ജി എസ് ടി കൗൺസിൽ യോഗത്തിൽ എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കുനീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പാക്കുന്നതിനു തീരുമാനിക്കുകയും തുടർന്ന് ചട്ടം 138F ഉൾപെടുത്തികൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം. 38/2023 - സെൻട്രൽ ടാക്സ് പ്രകാരം സി ജി.എസ്.ടി റൂളിലും 30-09-2023 ലെ എസ്. ആർ. ഓ 1062/2023 പ്രകാരം എസ് ജി എസ് ടി റൂളിലും കൊണ്ടുവന്നിട്ടുണ്ട്. ഇതുപ്രകാരം എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ അല്ലെങ്കിൽ ടി തുകയ്ക്ക് മുകളിൽ അതാതു സംസ്ഥാനങ്ങളിലെ , സെൻട്രലിന്റെയും സ്റ്റേറ്റിന്റേയും നികുതി ഡിപ്പാർട്ട്മെന്റ് അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മൂല്യം വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. |
| (സി) | ജി.എസ്.ടി കൗൺസിൽ ചുമതലപ്പെടുത്തിയ മന്ത്രിതല സമിതിയുടെ നിർദേശാനുസരണം സംസ്ഥാനത്തിനകത്തുള്ള ബിസിനസ് ആവശ്യത്തിന് രണ്ട് ലക്ഷം രൂപ വരെ വരുന്ന സ്വർണ്ണ ഇടപാടുകൾക്ക് ഇ-വേ ബിൽ നിഷ്കർഷിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | **എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനം ജി.എസ്.ടി കൗൺസിൽ അതിന്റെ അൻപതാമത് യോഗത്തിൽ ശിപാർശ ചെയ്യുകയും അതനുസരിച്ച് കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം. 38/2023 - സെൻട്രൽ ടാക്സ് പ്രകാരം ജി.എസ്.ടി ചട്ടം 138 എഫ് രൂപീകരിക്കുകയും ചെയ്തു. അതിനനുസൃതമായ ചട്ട ഭേദഗതി സംസ്ഥാന ചരക്കു സേവന നികുതി ചട്ടങ്ങളിലും 30-09-2023 ലെ എസ്. ആർ. ഓ 1062/2023 പ്രകാരം വരുത്തിയിട്ടുണ്ട് .ഈ ഭേദഗതി അനുസരിച്ച് എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ അതിൽ കൂടുതലോ വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി എസ് ടി ചട്ടം 138എഫ് പ്രകാരം ഈ-വേ ബിൽ ബാധകമായ തുകയുടെ രണ്ട് ലക്ഷത്തിനു മുകളിലുള്ള കുറഞ്ഞ പരിധി എത്രയെന്നത് തീരുമാനിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.** |
| (ഡി) | പ്രസ്തുത വിജ്ഞാപനം ഇറക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കാമോ? | (ഡി) | 30.09.2023 ലെ എസ്. ആർ. ഓ 1062/2023 കേരള സർക്കാർ പുറത്തിറക്കിയ വിജ്ഞാപനമനുസരിച്ച് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനുള്ളിലോ കേന്ദ്രഭരണ പ്രദേശത്തിനുള്ളിലോ നടക്കുന്ന രണ്ടു ലക്ഷമോ അല്ലെങ്കിൽ ടി തുകയ്ക്ക് മുകളിൽ സംസ്ഥാനത്തിലെ സ്റ്റേറ്റ് ടാക്സ് ന്റേയും സെന്റർ ടാക്സിന്റെയും അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മുകളിൽ വരുന്ന ചരക്കു നീക്കത്തിന് ഇ-വേ ബില്ലുകൾ ബാധകമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം സ്വർണത്തിന്റേയും വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കത്തിന് ഇ വേ ബിൽ ബാധകമാക്കുന്നതിനുള്ള, രണ്ടു ലക്ഷം രൂപയ്ക്കു മുകളിലുള്ള കുറഞ്ഞ പരിധി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ